# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1751

07.03.2018 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളുടെ സമഗ്ര പുരോഗതിയും വികസനവും

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| സർക്കാർ ആശുപത്രികളുടെ സമഗ്ര പുരോഗതിക്കും വികസനത്തിനുമായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കികൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർറ്റി) 845/2017/ആകുവ, തീയതി 28.03.2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ. (എം.എസ്) 75/2017/ആകുവ, തീയതി 12.5.2017 സ.ഉ. (എം.എസ്) 188/2017/ആകുവ, തീയതി 22.12.2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയെല്ലാമായി 3257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷ |

കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയിലറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രൈനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നു വരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ